# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പരാതികളുടെ പരിശോധന</u>

4880 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമായി ബന്ധപ്പെട്ട പരാതികളിൽ പരാതിക്കാർ ആരാണെന്ന് വ്യക്തമല്ലാത്തവ പരിഗണിക്കില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അപ്രകാരമുള്ള എത്ര പരാതികൾ ലഭ്യമായിട്ടുണ്ട് ;

(സി) ഇത്തരം പരാതികൾ വർദ്ധിക്കാനുള്ള കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) വ്യക്തമായ വിഷയങ്ങളിന്മേൽ ഉന്നയിക്കപ്പെടുന്ന പരാതികളിൽ പരാതിക്കാരന്റെ പേരിന് പ്രാധാന്യം നൽകാതെ പരാതി വിഷയം പരിശോധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന്
പ്രത്യേക മാർഗരേഖ</u>

4881 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് പുറത്തിറക്കിയ പ്രത്യേക മാർഗ്ഗ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

വനത്തിൽ വീണുകിടക്കുന്ന മരങ്ങളുടെ വിപണനം

4882 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ വീണുകിടക്കുന്ന വൻമരങ്ങൾ അവിടെ വച്ചുതന്നെ പലകകളാക്കി ഡിപ്പോകളിലെത്തിച്ച് ലേലം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) വനത്തിനുള്ളിലെ ജലാശയങ്ങൾ നശിക്കാതെ നോക്കുന്നതിന് വനം സംരക്ഷണ സമിതികൾവഴി നടപടി സ്വീകരിക്കുമോ;

(സി) പരിസ്ഥിതി സൗഹാർദ്ദ വാഹനങ്ങൾ ഉപയോഗിച്ച് നിബിഡ വനങ്ങളിലൂടെ ട്രക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും അതിൽ നിന്ന് വരുമാനം നേടുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വനവിഭവങ്ങൾ ശേഖരിയ്ക്കൽ</u>

4883

ശ്രീ. എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ രീതിയിൽ വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ആദിവാസികൾക്ക് പരിശീലനം നൽകുമോ;

(ബി) ആദിവാസി വൈദ്യത്തിന്റെ നല്ല വശങ്ങൾ വനം വകുപ്പ് വികസിപ്പിക്കുമോ;

(സി) പ്രസ്തുത മേഖലയിൽ ഏതെങ്കിലും ഗവേഷണത്തിന് സഹായം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഗവേഷണത്തിന് ചെലവഴിച്ച തുക യഥാവിധി ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ എന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>വനവൽക്കരണം</u>

4884 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈയേറ്റം കൊണ്ടും അല്ലാതെയുമായി കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ നശിച്ചുപോയ വനവിസ്തൃതി എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) വനവൽക്കരണ പദ്ധതികളിൽ സന്നദ്ധരായ ജനങ്ങളെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

നീരുറവകളുടെ സംരക്ഷണം

4885 ശ്രീ. എം. എ. വാഹിദ്
,, ലൂഡി ലൂയിസ്
,, വി. ഡി. സതീശൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനവും മറ്റ് പ്രശ്നങ്ങളും മൂലം വനങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവയെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) അതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വനനശീകരണം തടയുന്നതിന് നടപടി</u>

4886 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വനനശീകരണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

## വനങ്ങളിലെ പുഴമണൽ ഖനനം

4887

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനങ്ങളിലെ പുഴമണൽ ശേഖരിച്ച് വിൽക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത സംവിധാനത്തിന് മേൽനോട്ടം വഹിക്കുന്നതെന്നു വ്യക്തമാക്കാമോ;

(ബി) നിലവിൽ ശേഖരിച്ചിട്ടുള്ള മണൽ പ്രസ്തുത കേന്ദ്രങ്ങളിൽ നിന്ന് വിതരണം നടത്താത്തത് എന്തുകൊണ്ടാണ്;

(സി) മണൽ വിതരണത്തിന്റെ ചുമതല ആർക്കാണ്; ക്യൂബിക് ഫീറ്റിന് എന്തു തുകയാണ് ഈടാക്കുന്നത് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി</u>

4888 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിഭാഗത്തിന്റെ കീഴിൽ രഹസ്യാന്വേഷണ സെൽ പ്രവർത്തിക്കുന്നുണ്ടോയെന്നും കഴിഞ്ഞവർഷം വിവിധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>തേക്കിൻ തോട്ടങ്ങളിലെ ഇടവെട്ട്</u>

4889 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നട്ടുപിടിപ്പിച്ച തേക്കിൻ തോട്ടങ്ങളിൽ എത്ര വർഷം കൂടുമ്പോഴാണ് ഇടവെട്ട് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇങ്ങനെ നിശ്ചിത സമയത്ത് ഇടവെട്ട് നടത്താത്ത എത്ര ഹെക്ടർ തോട്ടങ്ങൾ ഏതൊക്കെ റെയ്ഞ്ചുകളിൽ ഉണ്ടെന്നും അത് ഏതെല്ലാം വർഷങ്ങളിൽ ആയിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) നിശ്ചിത സമയത്ത് ഇടവെട്ട് നടത്താതിരിക്കുന്നതുമൂലം നഷ്ടം ഉണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇടവെട്ട് കൃത്യമായി നടത്തുന്നതിനുള്ള തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

വനവിഭവങ്ങള്‍ റീട്ടെയില്‍ ഔട്ട്ലറ്റുകള്‍ വഴി വിപണനം ചെയ്യാന്‍ നടപടി

4890 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വാഭാവിക വനവിഭവങ്ങള്‍ ശേഖരിച്ച് സര്‍ക്കാര്‍ റീട്ടെയില്‍ ഔട്ട്ലെറ്റുകളിലൂടെ വിപണനം നടത്തുന്നതിനുള്ള വിപുലമായ സാദ്ധ്യതയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) ആദിവാസികളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഇത്തരം പദ്ധതികളിലൂടെ അവരുടെ ജീവിതനിലവാരം ഉയര്‍ത്തികൊണ്ടുവരാന്‍ സാധിക്കുമെന്നു കരുതുന്നുണ്ടോ;

(സി) എങ്കില്‍ ഈ വിഷയത്തില്‍ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>തുഷാരഗിരി വിനോദ സഞ്ചാരകേന്ദ്രത്തിലേക്കുള്ള പ്രവേശനം</u>

4891 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ തുഷാരഗിരി വിനോദസഞ്ചാര കേന്ദ്രത്തിലേക്ക് പ്രവേശനം അനുവദിക്കാത്തതുകൊണ്ട് വിനോദ സഞ്ചാരികൾ ഏറെ വിഷമത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴ കുറഞ്ഞതും വെള്ളച്ചാട്ടത്തിലെ നീരൊഴുക്ക് കുറഞ്ഞതും കണക്കിലെടുത്ത് പ്രവേശനം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

അച്ചൻകോവിൽ - കോന്നി വനപാത, അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി എന്നിവയുടെ പാരിസ്ഥിതികാഘാത പഠനം

4892 ശ്രീ. പി. കെ. ഗുരുദാസൻ
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ - കോന്നി വനപാതയ്ക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പാരിസ്ഥിതികാഘാതപഠനം നടത്തിയിട്ടുണ്ടോ;

(ബി) അച്ചൻകോവിൽ ജലവൈദ്യുത പദ്ധതിയുടെ പാരിസ്ഥിതികാഘാത പഠന റിപ്പോർട്ട് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിർദ്ദിഷ്ട ജലവൈദ്യുത പദ്ധതി സംബന്ധിച്ച് വനം വകുപ്പ് എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യവനവൽക്കരണ മാസാചരണം</u>

4893 ശ്രീ.എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ;

(ബി) അതിനായി ഏതെല്ലാം ഇനം മരങ്ങളാണ് വച്ച് പിടിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) എല്ലാ വർഷവും സാമൂഹ്യവനവൽക്കരണ മാസം ആചരിക്കാൻ നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഹരിത തീരം പദ്ധതി</u>

4894 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിത തീരം പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ എത്ര കിലോമീറ്റർ കടൽ തീരമാണ് പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത് ;

(സി) പദ്ധതിക്ക് മൊത്തം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(ഡി) ജന പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കാൻ കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് കൺസർവേറ്റർമാരുടെ ഒഴിവുകൾ</u>

4895

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ അസിസ്റ്റന്റ് കൺസർവേറ്റർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഈ ഒഴിവുകൾ എന്നു മുതലുള്ളതാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അതുമൂലം ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 21.10.2011-ലെ മറുപടിക്ക്

വനംവകുപ്പിലെ 'സ്റ്റേഷൻ ഹൗസ് ഓഫീസർ'

4896 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഡെപ്യൂട്ടി റെയ്ഞ്ചർമാരെ 'സ്റ്റേഷൻ ഹൗസ് ഓഫീസർ'മാരായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മറ്റ് വകുപ്പുകളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിൽ ഇവർക്കും അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് കൺസർവേറ്റർ തസ്തിക</u>

4897 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ എത്ര റെയ്ഞ്ച് ഓഫീസർ തസ്തികകളാണ് അസിസ്റ്റന്റ് കൺസർവേറ്റർ തസ്തികയിലേക്ക് ഉയർത്തിയതെന്നും അത് ഏതു വർഷമാണ് നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ ;

(ബി) തസ്തിക ഉയർത്തിയതു വഴി വകുപ്പിന്റെ കാര്യശേഷി വർദ്ധിച്ചിട്ടുണ്ടോ ;

(സി) ഇതിനെ തുടർന്ന് റെയ്ഞ്ച് ഓഫീസർ തസ്തികയുടെ താഴെയുള്ള തസ്തികയിൽപ്പെട്ടവർക്ക് ഉദ്യോഗക്കയറ്റം കിട്ടേണ്ട എത്ര തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട് ;

(ഡി) ഈ നടപടിമൂലം നഷ്ടപ്പെട്ട തസ്തികകൾ പുനസ്ഥാപിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

4898

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ കഴിഞ്ഞ പത്തു വർഷമായി എത്ര താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇതിൽ താത്ക്കാലിക വാച്ച്മാൻമാരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്ര താത്ക്കാലിക വാച്ച്മാൻമാരെ സ്ഥിരപ്പെടുത്തുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>തടിമില്ലുകൾക്ക് ലൈസൻസ്</u>

4899 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തടിമില്ലുകൾ തുടങ്ങുന്നതിന് എൻ. ഒ. സി. നൽകിയിട്ടുണ്ടോ;

(ബി) തടിമില്ലുകൾ തുടങ്ങുന്നതിന് വനംവകുപ്പിൽ നിന്ന് എന്തെല്ലാം രേഖകളാണ് സംരംഭകർ നേടേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) തടിമില്ലുകളുടെ പ്രവർത്തനം വനനിയമങ്ങൾ പാലിച്ചു കൊണ്ടാണോ നടത്തപ്പെടുന്നതെന്ന് നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉളളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ഫർണിച്ചർ വ്യവസായം നേരിടുന്ന പ്രതിസന്ധി

4900 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫർണിച്ചർ വ്യവസായത്തിനുള്ള തടിയുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യവസായത്തിനാവശ്യമായ തടികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വന്യമൃഗ ശല്യം</u>

4901 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യർക്കും ഭീഷണിയുണ്ടാക്കുന്നതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനെക്കുറിച്ച് സമഗ്രമായ പഠനവും പരിഹാര മാർഗ്ഗങ്ങളും സ്വീകരിക്കാൻ വകുപ്പ് മുൻകൈ എടുക്കുമോ;

(സി) ഇതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ചികിത്സാ ധനസഹായം</u>

4902

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ പരിക്കേല്ക്കുന്നവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത്;

(സി) എത്ര രൂപയാണ് ചികിത്സാ ധനസഹായമായി നൽകുന്നത് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കായികരംഗം മെച്ചപ്പെടുത്താൻ നടപടി</u>

4903 ശ്രീ. റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിൽ കായികരംഗത്തെ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് നിലവാരമുള്ള സ്റ്റേഡിയങ്ങളും സ്പോർട്സ് ഉപകരണങ്ങളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) സ്പോർട്സ് രംഗത്തെ അനാവശ്യ ഇടപെടലുകൾ അവസാനിപ്പിച്ച് കഴിവുള്ളവർക്ക് അവസരം നൽകുവാൻ എന്തൊക്കെ പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കായിക ഉത്തരവാദിത്ത ബിൽ</u>

4904 ശ്രീ. ജോസഫ് വാഴക്കൻ
,, പി.എ. മാധവൻ
,, എ.റ്റി. ജോർജ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കളിക്കാർ, കോച്ച്, അസോസിയേഷനുകൾ ഉൾപ്പെടെ കായിക രംഗവുമായി ബന്ധപ്പെട്ടവരിൽ ഉത്തരവാദിത്തം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊളളുവാനുദ്ദേശിക്കുന്നത്;

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് കായിക ഉത്തരവാദിത്ത ബില്ലിന് രൂപം നൽകുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ദേശീയ അന്തർദേശീയ തലത്തിൽ കായിക മുന്നേറ്റം

4905 ശ്രീ.റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, എം. ഉമ്മർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക മത്സരങ്ങളിൽ ദേശീയഅന്തർദേശീയ തലത്തിൽ യുവജന മുന്നേറ്റമുണ്ടാക്കാൻ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) നാഷണൽ ഗെയിംസ് സംസ്ഥാനത്ത് നടത്താൻ തീരുമാനിച്ച സാഹചര്യത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) 2010-11 സാമ്പത്തിക വർഷം കായിക രംഗത്ത് എന്ത് തുക ചെലവഴിച്ചു എന്നും അതിന് ആനുപാതികമായി എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സ്പോർട്സ് കൗൺസിൽ ഭാരവാഹികളുടെ സ്വത്ത് വിവരം</u>

4906 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിനു മുന്നോടിയായി സംഘാടകർ, സ്പോർട്സ് കൗൺസിൽ ഭാരവാഹികൾ, എക്സിക്യുട്ടീവ് കമ്മറ്റി അംഗങ്ങൾ എന്നിവരുടെ സ്വത്തുവിവരം വെളിപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവർ സ്വത്തുവിവരം ആർക്കു മുമ്പിലാണ് സമർപ്പിച്ചിട്ടുള്ളത് ;

(സി) മേൽപ്പറഞ്ഞവർ സമർപ്പിച്ച സ്വത്തുവിവരത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ജി. വി. രാജാസ്പോർട്സ് സ്കൂളിലെ പഠനനിലവാരം

4907 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജി. വി. രാജാ സ്പോർട്സ് സ്കൂളിലെ പഠനനിലവാരം വളരെ മോശമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവാരം മെച്ചപ്പെടുത്തന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടികൾക്ക് ആവശ്യമായ കായിക സാമഗ്രികളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഹോസ്റ്റലിലേക്ക് ആഹാരസാധനങ്ങൾ വിതരണം ചെയ്യുന്നത് ആരാണ്; ഹോസ്റ്റലിലെ മെസ്സിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിൽ അപാകതകൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;
ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനും, ഗുണനിലവാരമുള്ള സാധനങ്ങൾ മെസ്സിലേയ്ക്ക് വാങ്ങുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസിനായി അടിസ്ഥാന സൗകര്യ വികസനം</u>

4908 ശ്രീ.ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് എറണാകുളം നിയോജകമണ്ഡലത്തിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി ;

(ബി) ഇനി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കേരള ഫുട്ബോൾ അസോസിയേഷന്റെ</u>
<u>ഭരണഘടനാ ഭേദഗതി</u>

4909

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫുട്ബോൾ അസോസിയേഷന്റെ ഭരണഘടന ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഭേദഗതി പ്രകാരം കെ.എഫ്.എ. യ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത ഭരണഘടനാ ഭേദഗതി മൂലം അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ ഗ്രാന്റ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കേരള ഫുട്ബോൾ അസോസിയേഷനു നഷ്ടമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലങ്ങളിൽ സ്റ്റേഡിയം/മിനി സ്റ്റേഡിയം നിർമ്മാണം</u>

4910 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലത്തിലും ഒരു സ്റ്റേഡിയമോ മിനി സ്റ്റേഡിയമോ നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനങ്ങൾക്ക് നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാനപ്പെട്ട സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>കായികതാരങ്ങൾക്ക് പാരിതോഷികം</u>

4911 ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2011 വരെ ദേശീയതലത്തിൽ എത്ര കായിക താരങ്ങൾക്ക് പാരിതോഷിക പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) അതിൽ എത്ര പേർക്ക് പാരിതോഷികം വിതരണം ചെയ്തിട്ടുണ്ട്;

(സി) പ്രഖ്യാപിച്ച പാരിതോഷികങ്ങൾ വിതരണം ചെയ്യാൻ കാലതാമസം ഉണ്ടായതെന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി</u>

4912 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിലെ സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പാക്കേജുകൾ തയ്യാറാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കായിക മേഖലയിൽ മെച്ചപ്പെട്ട സംഭാവനകൾ നൽകുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; എന്തു നടപടികൾ കൈക്കൊളളുന്നു എന്നു വ്യക്തമാക്കാമോ;

(സി) കായിക വിദ്യാഭ്യാസ രംഗത്ത് സ്തുത്യർഹമായ സംഭാവന കാഴ്ചവയ്ക്കുന്ന ചേർത്തല, ചാരമംഗലം എസ്. ഡി. വി. സ്കൂളിലെ വിദ്യാർത്ഥികളുടെയും കായിക അദ്ധ്യാപകരുടെയും പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സ്കൂളുകളെയും കായികപ്രേമികളായ വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കായികപരിശീലന പ്രോത്സാഹിപ്പിക്കൽ പദ്ധതി</u>

4913 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കായിക പരിശീലനം പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) സ്കുളുകളിൽ കായിക പരിശീലത്തിന് കളിസ്ഥലം നിർമ്മിക്കാൻ കായിക വകുപ്പിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ആവശ്യമായ സ്ഥലസൗകര്യങ്ങളുള്ള സ്കുളുകളിൽ ആധുനികവും ശാസ്ത്രീയവുമായ രീതിയിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ഡി) ഈ പദ്ധതിയനുസരിച്ച് അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെങ്കിലും സ്കൂളിന് സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കാട്ടിലങ്ങാടി ഫുട്ബോൾ സ്റ്റേഡിയം</u>

4914 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാട്ടിലങ്ങാടിയിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത ഫുട്ബോൾ ക്ലബ്ബുകളുടെ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്വന്തം കെട്ടിടത്തിലാണ് അവ പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനനുസൃതമായ ഒരു ഫുട്ബോൾ സ്റ്റേഡിയം നിലവിലില്ലെന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ഡി) കാട്ടിലങ്ങാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഉടമസ്ഥതയിലുള്ള എഴ് ഏക്കറോളം വരുന്ന സ്ഥലത്ത് നിലവിലുള്ള സ്കൂൾ സ്റ്റേഡിയം വിപുലീകരിച്ച് സൗകര്യപ്രദമായ ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുന്നകാര്യം പരിഗണിക്കുമോ;

(ഇ) എങ്കിൽ ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>പാഞ്ഞാള്‍ ഗ്രാമപഞ്ചായത്തിലെ വാഴാലിപ്പാടത്ത് കളിസ്ഥലം</u>

4915 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേലക്കര മണ്ഡലത്തില്‍ പാഞ്ഞാള്‍ ഗ്രാമപഞ്ചായത്തില്‍ വാഴാലിപ്പാടത്ത് നിലവിലുള്ള മൈതാനവും സ്റ്റേജും പുനരുദ്ധരിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിവേദനത്തിന്മേല്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കളിസ്ഥലം പുനരുദ്ധരിച്ച് കായിക വികസനത്തിന് സഹായകരമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ 'പൈക്ക പദ്ധതി'</u>

4916 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'പൈക്ക പദ്ധതി' പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയിലുടെ അനുവദിച്ച തുക യഥാസമയം ചെലവഴിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) എങ്കിൽ പ്രസ്തുത ഏജൻസികളിൽ നിന്ന് തുക മാറ്റി നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>'ആദാമിന്റെ മകൻ അബു' - ഓസ്കാർ എൻട്രി</u>

4917 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആദാമിന്റെ മകൻ അബു' എന്ന സിനിമയ്ക്ക് ഓസ്കാർ എൻട്രി കിട്ടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സിനിമ ഓസ്കാർ വേദിയിൽ എത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സിനിമയുടെ ഓസ്കാർ വേദിയിലെ പ്രൊമോഷനും മറ്റു ചെലവുകൾക്കുമായി സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ലോക ക്ലാസിക് സിനിമകൾ മലയാളത്തിൽ മൊഴിമാറ്റം നടത്താൻ നടപടി

4918

ശ്രീ. എം. പി. വിൻസെന്റ്
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ലോക ക്ലാസിക് സിനിമകൾ മലയാളത്തിൽ മൊഴിമാറ്റം നടത്തി ലഭ്യമാക്കുന്നതിന് ഉതകുന്ന പുതിയ ഒരു സിനിമാ വ്യവസായ നയം രൂപീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

4919 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ കേരളത്തിലെ സിനിമാ വ്യവസായം കൂടുതൽനഷ്ടത്തിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിനിമാ തീയേറ്ററുകളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരികയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സിനിമാ വ്യവസായ രംഗത്ത് എത്രപേർ പണിയെടുക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സിനിമാ വ്യവസായ രംഗത്തെ വിവിധ വിഭാഗക്കാരുടെ സംഘടനകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സിനിമാ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളെ സജീവമാക്കാനും ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>കുട്ടികൾക്കായി ടൂറിംഗ് ടാക്കീസ്'</u>

4920 ശ്രീ. കെ. ശിവദാസൻ നായർ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കുവേണ്ടി ടൂറിംഗ് ടാക്കീസ് നടത്തുവാൻ ചലച്ചിത്ര അക്കാഡമി തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിവരിക്കുമോ;

(സി) ചലച്ചിത്ര പ്രദർശനത്തിനുപുറമെ സിനിമയുടെ വിവിധ വശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ഉദ്ബുദ്ധരാക്കുവാൻ വിദഗ്ധരെക്കൊണ്ട് പ്രഭാഷണങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇതു നടത്താൻ ഉദ്ദേശിക്കുന്നത്;

(ഇ) ഇത് ഒരു സ്ഥിരം സംവിധാനമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ്</u>

4921 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര സിനിമകൾ പ്രദർശിപ്പിക്കുന്നതിന് ഫെസ്റ്റിവൽ കോംപ്ലക്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എവിടെയാണ് ഇത് സ്ഥാപിക്കുന്നത്;

(സി) ഇതിനുള്ള പണം എപ്രകാരമാണ് കണ്ടെത്തുന്നത്;

(ഡി) ഇതിനായി ഇൻഫർമേഷൻ ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയവുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ചലച്ചിത്ര അക്കാഡമിയുടെ കീഴിൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്</u>

4922 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര അക്കാഡമിയുടെ കീഴിൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ ആലോചിക്കുന്നുണ്ടോ;

(ബി) എവിടെയാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് സ്ഥാപിക്കുന്നതിനുള്ള ധനസമാഹരണത്തെക്കുറിച്ചുള്ള വിശദാംശം നൽകുമോ;

(ഡി) ഇൻസ്റ്റിറ്റ്യൂട്ടുകൊണ്ട് കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലത്ത് ഫിലം സിറ്റി</u>

4923 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് മലയാളം തമിഴ് മറ്റ് ഭാഷാചിത്രങ്ങൾ എന്നിവ ചിത്രീകരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിനിമാ ചിത്രീകരണങ്ങൾക്കും അനുബന്ധ ജോലികൾക്കുമായി ഒറ്റപ്പാലത്ത് ഒരു "ഫിലിം സിറ്റി" നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(സി) ഫിലം സിറ്റിയുടെ നിർമ്മിക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നടൻ മോഹൻലാലിന്റെ വീട്ടിൽ നിന്നും ആനക്കൊമ്പ് പിടിച്ചെടുത്ത സംഭവം</u>

4924 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇംകംടാക്സ് വിഭാഗം നടൻ മോഹൻലാലിന്റെ വീട്ടിൽനിന്നും ആനക്കൊമ്പ് പിടിച്ചെടുത്തതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത് യഥാർത്ഥ ആനക്കൊമ്പായിരുന്നുവോ;

(സി) എങ്കിൽ അതിന്മേൽ കേസെടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കേസെടുക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ചിത്രാഞ്ജലി സ്റ്റുഡിയോയുട പ്രവര്‍ത്തനം

4925 ശ്രീ.മഞ്ഞളാംകുഴി അലി
,, റ്റി. എ. അഹമ്മദ് കബീര്‍
,, എന്‍.എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചലച്ചിത്ര വികസനകോര്‍പ്പറേഷന്റെ ഈ വര്‍ഷത്തെ വികസന പരിപാടികളുടെ വിശദവിവരം നല്കാമോ ;

(ബി) പ്രസ്തുത കോര്‍പ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളേതെല്ലാമെന്ന് മേഖല തിരിച്ച് വിശദമാക്കുമോ ;

(സി) പ്രസ്തുത കോര്‍പ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സില്‍ വാടകയ്ക്ക് നല്കാന്‍ ഏര്‍പ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ; കഴിഞ്ഞ വര്‍ഷവും ഈ വര്‍ഷവും ഷൂട്ടിംഗ് മുതല്‍ റിലീസിംഗ് ഘട്ടം വരെ അവിടെ പൂര്‍ത്തിയാക്കിയ ചലച്ചിത്രങ്ങളുടെ വിശദവിവരം നല്കാമോ ;

(ഡി) പ്രസ്തുത സ്റ്റുഡിയോയില്‍ നിലവിലുള്ള സാങ്കേതിക വിദഗ്ധരുടെ പേരുവിവരവും, അവരുടെ വിദ്യാഭ്യാസ സാങ്കേതികയോഗ്യത, ആധുനിക ഉപകരണങ്ങള്‍ പ്രവര്‍ത്തിപ്പിക്കാന്‍ ലഭിച്ച പരിശീലനം എന്നിവ സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത വിദഗ്ധരുടെ പ്രമോഷന് യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ; എങ്കില്‍ അത്തരം യോഗ്യതനേടാത്തവര്‍ക്ക് പ്രമോഷന്‍ നല്കിയിട്ടുണ്ടോ ; വിശദവിവരം നല്കുമോ ;

(എഫ്) വിദേശനിര്‍മ്മിതമായ ഹാസലൈറ്റിന്‍ കളര്‍ അനലൈസര്‍ പ്രവര്‍ത്തിപ്പിക്കാന്‍ യോഗ്യത നേടിയ സാങ്കേതിക വിദഗ്ധരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ നിയമനച്ചട്ട പ്രകാരം യോഗ്യരായവരെ നിയമിക്കുമോ ?